## 1130

ഇന്നു നീ മനം തിരിയണം, നിൻ വഴികളെ വെടിയണം
പിന്നെയെന്നു നീ പറഞ്ഞു തള്ളുകിൽ നന്നല്ലായതു പേയിൻ തന്ത്രമാം

1 ഹൃദയവാതിൽ തുറക്കണം, ദുർന്നയങ്ങളെ വെറുക്കണം
മാ ദയവൊടു ജീവദായകൻ വാതിലിൽ മുട്ടി വിളിക്കുന്നു സഖേ!-

2 നാളെയെന്നതസാദ്ധ്യമാം നരകം നിന്റെ സമ്പാദ്യമാം
വേളയിതുതാനെന്നറിഞ്ഞു നീ വേഗം ക്രിസ്തുവിന്നരികിൽ വാ സഖേ!

3 അന്ത്യകാലമടുത്തുപോയ് ക്രിസ്തുരാജൻ വരുവാറായ്
എന്തിനിയും നിന്നന്തമെന്നു നീ ചിന്തിച്ചു മനംതിരിയുക സഖേ!
**M.E.C.**